തർബിയത്ത്



# സ്നേഹിക്കുക, സ്നേഹം പ്രകടിപ്പിക്കുക

ശൈഖ് മുഹമ്മദ് കാരകുന്ന്

**സ്നേഹം** ശാരീരികമല്ല, ആത്മീയമാണ്. ശരീരവും ശാരീരികാവയവങ്ങളും അത് പ്രകടിപ്പിക്കാനുള്ള മാധ്യമങ്ങളാണ്. അത് ഭൗതികമല്ല. അതിനെ യുക്തികൊണ്ട് വ്യവഹരിക്കാനാവില്ല. നാം മാതാവിനെയും മകളെയും സഹോദരിയെയും നാടിനെയും വീടിനെയുമൊക്കെ സ്നേഹിക്കുന്നു. ഈ എല്ലാ സ്നേഹവും ഒരുപോലെയല്ല.

സ്നേഹിക്കപ്പെടുന്നതിനുവേണ്ടി സമർപ്പിക്കാൻ ഏവരും സന്നദ്ധരായിരിക്കും. സ്നേഹത്തിന്റെ തോതനുസരിച്ച് സമർപ്പണ സന്നദ്ധത കൂടുകയും കുറയുകയും ചെയ്യും. അതിൽനിന്നുണ്ടാവുന്ന ത്യാഗവും അവ്വിധം തന്നെ. നാം ഏതിനെയാണോ പരമമായി സ്നേഹിക്കുന്നത് അതിനുവേണ്ടി മറ്റെല്ലാം ബലിനൽകാൻ നാം ഒരുക്കമായിരിക്കും.

മൂസാനബിയും മാരണക്കാരും തമ്മിൽ മത്സരം നടന്നു. മാരണക്കാർ തോറ്റു. മൂസാനബി വിജയിച്ചു. മാരണക്കാർക്ക് സത്യം ബോധ്യമായി. അങ്ങനെ ഭൗതിക നേട്ടങ്ങളോടുള്ള അവരുടെ പ്രിയം വഴിമാറി. അത് അല്ലാഹുവോടും അവന്റെ പ്രതിഫലത്തോടുമായിത്തീർന്നു. അപ്പോൾ അല്ലാഹുവിനും

**മാതാപിതാക്കൾ, ഇണകൾ, മക്കൾ, സഹോദരീ സഹോദരന്മാർ, വീട്ടുകാർ, കൂട്ടുകാർ, നാട്ടുകാർ, കുടുംബക്കാർ, വീട്, നാട്, സമ്പത്ത്, കൗതുകവസ്തുക്കൾ, പ്രകൃതിഭംഗി പോലുള്ളവയൊക്കെ നമ്മുടെ സ്നേഹം പിടിച്ചുപറ്റാറുണ്ട്. അതൊക്കെ സ്വാഭാവികവും നൈസർഗികവുമാണ്. എന്നാൽ എപ്പോഴും പരമമായ സ്നേഹം പ്രപഞ്ചനാഥനായ അല്ലാഹുവോടായിരിക്കണം.**

അവന്റെ സ്വർഗത്തിനുംവേണ്ടി അതുവരെ പ്രിയപ്പെട്ടതായിരുന്നതൊക്കെയും സമർപ്പിക്കാൻ അവർ സന്നദ്ധരായി. ഫറോവ അവരോടു പറഞ്ഞു: “ഞാൻ നിങ്ങളുടെ കൈകാലുകൾ ഒന്നിനൊന്ന് വിപരീതമായി വെട്ടിമുറിക്കും. പിന്നെ നിങ്ങളെയൊക്കെ ഞാൻ കുരിശിലേറ്റും തീർച്ച” (7:124, 26:49).

ഭീഷണി മാരണക്കാരെ ഒട്ടും സ്വാധീനിച്ചില്ല. അവർ പ്രഖ്യാപിച്ചു: “ഞങ്ങൾക്കു വന്നെത്തിയ വ്യക്തമായ തെളിവുകളെക്കാളും ഞങ്ങളെ സൃഷ്ടിച്ചവനെക്കാളും ഞങ്ങളൊരിക്കലും നിനക്ക് പ്രാധാന്യം കൽപിക്കുകയില്ല. അതിനാൽ നീ വിധിക്കുന്നതെന്തോ അത് വിധിച്ചു കൊള്ളുക. ഈ ഐഹിക ജീവിതത്തിൽ മാത്രമേ നിന്റെ വിധി നടക്കുകയുള്ളൂ. ഞങ്ങൾ ഞങ്ങളുടെ നാഥനിൽ പൂർണമായും വിശ്വസിച്ചിരിക്കുന്നു. അവൻ ഞങ്ങളുടെ പാപങ്ങൾ പൊറുത്തു തന്നേക്കും. നീ ഞങ്ങളെ നിർബന്ധിച്ച് ചെയ്യിച്ച ഈ ജാലവിദ്യയുടെ കുറ്റവും മാപ്പാക്കിയേക്കും. അല്ലാഹുവാണ് ഏറ്റവും നല്ലവൻ; എന്നെന്നും നിലനിൽക്കുന്നവനും അവൻ തന്നെ'' (20:72,73)

ഉമറുബ്നുൽ ഖത്താബ് വീട്ടിൽനിന്ന് ഇറങ്ങിപ്പുറപ്പെട്ടത് പ്രവാചകനോടുള്ള അടക്കാനാവാത്ത പകയുമായാണ്. അപ്പോൾ ഏറെ പ്രിയപ്പെട്ടത് പൂർവികമതവും പാരമ്പര്യ ആചാരങ്ങളുമായിരുന്നു. വഴിയിൽവെച്ച് വിരോധം സഹോദരിയോടും അവരുടെ ഭർത്താവിനോടുമായി. അതോടെ പ്രവാചകനെ കൊല്ലാൻ പുറപ്പെട്ട ഉമർ യാത്ര അവരുടെ വീട്ടിലേക്കാക്കി. അവിടെ വെച്ചുണ്ടായ സംഭവങ്ങൾ സ്നേഹവും വെറുപ്പും എതിർ ദിശകളിലേക്ക് മാറാൻ കാരണമായി. അതേവരെ വെറുത്തവരോടു സ്നേഹവും സ്നേഹിച്ചിരുന്നവയോട് വെറുപ്പും തോന്നി. അങ്ങനെ ഏറ്റവും വെറുക്കപ്പെട്ടിരുന്ന പ്രവാചകൻ ഏറ്റവും പ്രിയപ്പെട്ടവനായി. അദ്ദേഹത്തെ കൊല്ലാൻ വന്നവൻ കാവൽക്കാരനായി മാറി.

## പരമമായ സ്നേഹം

നമുക്ക് പലതിനോടും പലരോടും സ്നേഹം തോന്നും. മാതാപിതാക്കൾ, ഇണകൾ, മക്കൾ, സഹോദരീ സഹോദരന്മാർ, വീട്ടുകാർ, കൂട്ടുകാർ, നാട്ടുകാർ, കുടുംബക്കാർ, വീട്, നാട്, സമ്പത്ത്, കൗതുകവസ്തുക്കൾ, പ്രകൃതിഭംഗി പോലുള്ളവയൊക്കെ നമ്മുടെ സ്നേഹം പിടിച്ചുപറ്റാറുണ്ട്. അതൊക്കെ സ്വാഭാവികവും നൈസർഗികവുമാണ്. എന്നാൽ എപ്പോഴും പരമമായ സ്നേഹം പ്രപഞ്ചനാഥനായ അല്ലാഹുവോടായിരിക്കണം.

“സത്യവിശ്വാസികൾ പരമമായി സ്നേഹിക്കുന്നത് അല്ലാഹുവിനെയാണ്” (ഖുർആൻ 2:165).

“പറയുക: നിങ്ങളുടെ പിതാക്കളും പുത്രന്മാരും സഹോദരങ്ങളും ഇണകളും കുടുംബക്കാരും നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ സ്വത്തുക്കളും നഷ്ടം നേരിടുമോയെന്ന് ഭയപ്പെടുന്ന കച്ചവടവും ഏറെ പ്രിയപ്പെട്ട പാർപ്പിടങ്ങളുമാണ് നിങ്ങൾക്ക് അല്ലാഹുവിനെക്കാളും അവന്റെ ദൂതനെക്കാളും അവന്റെ മാർഗത്തിലെ അധ്വാനപരിശ്രമങ്ങളെക്കാളും പ്രിയപ്പെട്ടവയെങ്കിൽ അല്ലാഹു തന്റെ കൽപന നടപ്പിൽ വരുത്തുന്നത് കാത്തിരുന്നു കൊള്ളുക. കുറ്റവാളികളായ ജനത്തെ അല്ലാഹു നേർവഴിയിലാക്കുകയില്ല” (9:24).

പരമമായ സ്നേഹം അല്ലാഹുവോട് ആകുന്നതോടെ അവന്റെ വിധിവിലക്കുകൾ അനുസരിക്കുന്നതിന് മറ്റൊന്നും തടസ്സമല്ലാതാവുന്നു. അവന്റെ മാർഗത്തിൽ ആവശ്യമായതെന്തും സമർപ്പിക്കാൻ സന്നദ്ധമാവുന്നു. അവന്റെ മാർഗത്തിലുള്ള അധ്വാന പരിശ്രമങ്ങൾ ആഹ്ലാദകരമായി അനുഭവപ്പെടുന്നു. അപ്പോഴനുഭവിക്കുന്ന കഷ്ടപ്പാടുകളും പ്രയാസങ്ങളും ഒട്ടും അലോസരമുണ്ടാക്കില്ലെന്നു മാത്രമല്ല അതിരറ്റ ആനന്ദം നൽകുകയും ചെയ്യും. അതോടെ ഏറ്റവും അനുഭൂതിദായകം ദൈവമാർഗത്തിലുള്ള ത്യാഗമായി മാറുന്നു. വിശ്വാസത്തിന്റെ മാധുര്യവും സ്നേഹത്തിന്റെ കുളിർമയും അനുഭവപ്പെടുന്നതും അപ്പോൾ തന്നെ.

## സ്നേഹം പ്രകടിപ്പിക്കുക

മനസ്സിൽ സ്നേഹമുള്ള അപൂർവം ചിലരെങ്കിലും അത് പ്രകടിപ്പിക്കാൻ അങ്ങേയറ്റം പിശുക്കു കാണിക്കുന്നവരാണ്. കമലാ സുറയ്യ പറഞ്ഞതുപോലെ, പുറത്തുകാണിക്കാതെ ഉള്ളിലൊതുക്കിവെക്കുന്ന സ്നേഹം പിശുക്കന്റെ ധനം പോലെയാണ്. ആർക്കും അതൊട്ടും ഉപകരിക്കുകയില്ല. അത്തരക്കാർ ഇലകളും ശിഖരങ്ങളും നഷ്ടപ്പെട്ട മരങ്ങൾ പോലെയാണ്.

സ്നേഹം ഉണ്ടായാൽ മാത്രം പോര. അത് പ്രകടിപ്പിക്കുക കൂടി വേണം. അപ്പോഴേ സ്നേഹിക്കപ്പെടുന്നവർക്ക് സ്നേഹം ബോധ്യമാവുകയുള്ളൂ. മക്കൾ മാതാപിതാക്കളോടുള്ള സ്നേഹം സൽപെരുമാറ്റങ്ങളിലൂടെയും ഹൃദയപൂർവമായ സേവനങ്ങളിലൂടെയും ഉദാരമായ നന്ദി പ്രകടനങ്ങളിലൂടെയും വെളിപ്പെടുത്തണം (ഖുർആൻ 17:23,24; 4:36; 6:151; 31:14,15; 46:15)

പ്രായമായ മാതാപിതാക്കളുടെ കൈകാലുകൾ ഉഴിഞ്ഞുകൊടുക്കുക, പുറം തടവിക്കൊടുക്കുക, അവർക്ക് കൗതുകമുണർത്തുന്ന വർത്തമാനങ്ങൾ പറയുക, അവരുടെ ആവശ്യങ്ങൾ നിർവഹിച്ചു കൊടുക്കുക, അവർക്ക് ഏറ്റം ഇഷ്ടപ്പെട്ട സാധനങ്ങൾ വാങ്ങിക്കൊടുക്കുക, അവരുടെ വർത്തമാനങ്ങൾ ശ്രദ്ധിക്കുക, അവർക്കു വേണ്ടപ്പെട്ടവരെ വീട്ടിലേക്കു ക്ഷണിക്കുക; ഇങ്ങനെ സ്നേഹപ്രകടനത്തിന്റെ സാധ്യമായ എല്ലാ ഉപാധികളും സ്വീകരിക്കുന്ന മക്കളാണ് സൗഭാഗ്യവാന്മാർ. അവരുടെ സ്നേഹം മാതാപിതാക്കൾക്ക് അനുഭവിച്ചറിയാൻ സാധിക്കണം. അതിനവസരമുണ്ടാക്കുന്നത് അല്ലാഹുവിന്റെ മാർഗത്തിലെ ജിഹാദ് പോലെ പുണ്യകരമാണ്.

പലപ്പോഴും ദാമ്പത്യബന്ധങ്ങൾ പരാജയപ്പെടാറുള്ളത് ഇണകൾ സ്നേഹപ്രകടനത്തിൽ പിശുക്കു കാണിക്കുമ്പോഴാണ്. പ്രവാചകൻ കള്ളം പറയാൻ അനുവദിച്ച സന്ദർഭങ്ങളിലൊന്ന് ജീവിത പങ്കാളി സ്നേഹത്തെ സംബന്ധിച്ച് ചോദിക്കുമ്പോഴാണ്. മനസ്സിൽ വേണ്ടത്ര സ്നേഹമില്ലെങ്കിലും 'സ്നേഹമുണ്ടോ' എന്ന ചോദ്യത്തിന് 'നല്ല സ്നേഹമുണ്ട്' എന്നാണ് മറുപടി പറയേണ്ടത്. ഇസ്‌ലാം നിഷിദ്ധമാക്കാത്ത സാധ്യമാവുന്ന എല്ലാ മാർഗവുമുപയോഗിച്ച് ദമ്പതികൾ പരസ്പരം സ്നേഹം പ്രകടിപ്പിക്കേണ്ടതുണ്ട്. സ്നേഹം പ്രകടിപ്പിക്കാത്ത ദാമ്പത്യം യാന്ത്രികവും ഒട്ടും ഊഷ്മളത ഇല്ലാത്തതും വരണ്ടതുമായിരിക്കും. അത് നിയമവിധേയമാണെങ്കിലും ചൈതന്യ രഹിതമായിരിക്കും. ഇണകൾക്ക് ഓരോരുത്തർക്കും തന്റെ ജീവിത പങ്കാളി തന്നെ ആത്മാർഥമായും കലവറയില്ലാതെയും സ്നേഹിക്കുന്നുവെന്നു ബോധ്യമാവണം. അതിനാൽ നന്നായി സ്നേഹിക്കുന്നതോടൊപ്പം ഉദാരമായി അത് പ്രകടിപ്പിക്കുകയും വേണം.

ഒരിക്കൽ ഒരു പിതാവ് തന്റെ മകന്റെ അനുസരണക്കേടിനെയും ധിക്കാരത്തെയും മോശമായ പെരുമാറ്റത്തെയും സംബന്ധിച്ച് പരാതി പറഞ്ഞു. മകനെ വിളിച്ച് അടുത്തിരുത്തി തലയിലും പുറത്തും തടവിക്കൊണ്ടു ചോദിച്ചു: “മോനേ, എന്താണ് നിന്റെ പ്രശ്നം?”

ഉടനെ ആ ചെറുപ്പക്കാരൻ കരഞ്ഞു പറഞ്ഞു: “ഇതു തന്നെയാണ് എന്റെ പ്രശ്നം. എന്നെ, എപ്പോഴെങ്കിലും

അടുത്തിരുത്തി 'മോനേ' എന്ന് ഉപ്പ സ്നേഹപൂർവം വിളിച്ചതായി ഓർമയില്ല. ഞങ്ങൾ മക്കൾക്കുവേണ്ടതൊക്കെ ഉപ്പ തരും, സ്നേഹം മാത്രം തരില്ല."

ഇതിനെ സംബന്ധിച്ച് പിതാവിനോടു സംസാരിച്ചപ്പോൾ പ്രതികരണമിങ്ങനെയായിരുന്നു: "അവർക്കു വേണ്ടിയല്ലേ ഞാൻ ഇത്ര കഠിനമായി അധ്വാനിച്ച് കഷ്ടപ്പെടുന്നത്? അവർക്ക് ആവശ്യമായതൊക്കെ ഞാൻ കൊടുക്കുന്നില്ലേ? എന്തിനെങ്കിലും അവർക്ക് വല്ല കുറവുമുണ്ടോ? ഇതെല്ലാം സ്നേഹമുള്ളതുകൊണ്ടല്ലേ?"

പിതാവ് പറഞ്ഞത് ശരിയായിരിക്കാം. മക്കളോട് സ്നേഹമുള്ളതുകൊണ്ടു തന്നെയാണ് അവർക്കുവേണ്ടി ജീവിതം ഉഴിഞ്ഞുവെച്ചത്. പക്ഷേ, ആ സ്നേഹം കുട്ടികൾക്ക് ഒരിക്കലും അനുഭവപ്പെടുന്നില്ല. മക്കളെ അടുത്തിരുത്തി ലാളിച്ചും ഓമനിച്ചും കെട്ടിപ്പിടിച്ചും ഉമ്മ വെച്ചുമൊക്കെ സ്നേഹം പ്രകടിപ്പിക്കണം. മനസ്സിൽ സ്നേഹം കൊണ്ടുനടന്നാൽ മാത്രം പോര. അതുകൊണ്ടാണ് "എനിക്കു പത്തു മക്കളുണ്ട്. അവരിൽ ഒരാളെപ്പോലും ഞാൻ ചുംബിച്ചിട്ടില്ലെന്ന്" അഖ്റഅ്ബ്നു ഹാബിസ് പറഞ്ഞപ്പോൾ പ്രവാചകന് അലോസരമുണ്ടായതും ഇങ്ങനെ പ്രതികരിച്ചതും: "കരുണകാണിക്കാത്തവന് കരുണ കിട്ടുകയില്ല" (ബുഖാരി, മുസ്‌ലിം).

**പുറത്തുകാണിക്കാതെ ഉള്ളിലൊതുക്കിവെക്കുന്ന സ്നേഹം പിശുക്കന്റെ ധനം പോലെയാണ്. ആർക്കും അതൊട്ടും ഉപകരിക്കുകയില്ല. അത്തരക്കാർ ഇലകളും ശിഖരങ്ങളും നഷ്ടപ്പെട്ട മരങ്ങൾ പോലെയാണ്.**

വീട്ടുകാരോടെന്നപോലെ നാട്ടുകാരോടും, കുടുംബക്കാരോടെന്നപോലെ സമൂഹത്തോടും സ്നേഹം പ്രകടിപ്പിക്കണം. അതിനു സാധ്യമാവുന്ന എല്ലാ മാർഗങ്ങളും ഉപയോഗപ്പെടുത്തണം. മുഖമാണല്ലോ മനസ്സിന്റെ കണ്ണാടി. മനസ്സിലെ സ്നേഹവും ഇഷ്ടവും പ്രകടമാവുക പുഞ്ചിരിയിലൂടെയാണ്. ഒട്ടും നഷ്ടമില്ലാത്ത ഏറ്റം നല്ല സ്നേഹപ്രകടന മാർഗമാണത്. അതോടൊപ്പം മഹത്തായ പുണ്യകർമവും അമൂല്യമായ ദാനവും. പ്രവാചകൻ അതിനെ ധർമമെന്നും ദാനമെന്നും വിശേഷിപ്പിച്ചിരിക്കുന്നു. ■